"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം കോട്ടയ്ക്കൽ നിയോജക മണ്ഡലം- പെയിൻ & പാലിയേറ്റിവ് ആവശ്യങ്ങൾക്ക് ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.2483/2025/LSGD തീയതി,തിരുവനന്തപുരം, 12-10-2025

---

പരാമർശം:- 1) മലപ്പുറം ജില്ലാ കളക്ടറുടെ 04.03.2024-ലെ ADCMPM/456/2023-RD3-നമ്പർ നടപടിക്രമം.

2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.5.25 ലെ LSGD/PD/14731/2025-GEB2 നമ്പർ കത്ത്.

ഉത്തരവ്

മലപ്പുറം കോട്ടക്കൽ നിയോജക മണ്ഡലത്തിലെ 2022-23 സാമ്പത്തിക വർഷത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഐ.എം.ബി.കോട്ടക്കൽ ചാപ്റ്റർ പെയിൻ & പാലിയേറ്റിവ് ആവശ്യങ്ങൾക്കുള്ള വാഹനം വാങ്ങൽ (പ്രൊജക്റ്റ് നമ്പർ 18292) എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി കോട്ടക്കൽ നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തി 18,31,508/- രൂപയ്ക്ക് (പതിനെട്ട് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി അഞ്ഞൂറ്റിയെട്ട് രൂപ മാത്രം) പരാമർശം (1) പ്രകാരം മലപ്പുറം ജില്ല കളക്ടർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽ പാലിയേറ്റീവ് ആവശ്യങ്ങൾക്ക് GeM പോർട്ടൽ വഴി ഫോഴ്സ് T1 ആംബുലൻസ് ബുക്ക് ചെയ്തു ലഭിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ടി വാഹനത്തിന്റെ ബില്ല് തുകയായ 18,31,464/- രൂപ അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. മലപ്പുറം കോട്ടക്കൽ നിയോജക മണ്ഡലത്തിലെ 2022-23 സാമ്പത്തിക വർഷത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഐ.എം.ബി.കോട്ടക്കൽ ചാപ്റ്റർ പെയിൻ & പാലിയേറ്റിവ് ആവശ്യങ്ങൾക്ക് വാഹനം വാങ്ങിയ ഇനത്തിലുള്ള 18,31,464/- രൂപ (പതിനെട്ട് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാനൂറ്റി അറുപത്തിനാല് രൂപ മാത്രം), ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരിക്കുന്ന ബില്ലുകളുടെയും സാക്ഷ്യ പത്രങ്ങളുടെയും ആധികാരികതയും വിശ്വാസ്യതയും പരിശോധിച്ച് ബോധ്യപ്പെടുന്ന പക്ഷം ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി 4515 - 00 - 800 - 96 എന്ന ശീർഷകത്തിൽ നിന്നും ടി തുക അനുവദിച്ചു നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്. (E:3171792-NC-C1/46/2025-Fin dated 15.07.2025)
കരുതൽ ഫയൽ. (DB2/378/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L.
സെക്ഷൻ ഓഫീസർ
Date: 13-10-2025 13:35:03